# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2591 — 19-7-2011 - ൽ മറുപടിക്ക്

**അപേക്ഷകൾക്കും പരാതികൾക്കും കൈപ്പറ്റു രസീത്**

ചോദ്യം

**ശ്രീമതി. ഇ.എസ്. ബിജിമോൾ**

**എ.** അപേക്ഷകളും, പരാതികളും നിവേദനങ്ങളും നേരിട്ട് സമർപ്പിക്കുമ്പോൾ അപേക്ഷകനോ, പരാതിക്കാരനോ കൈപ്പറ്റ് രസീത് നല്കുവാൻ നിലവിൽ സർക്കാർ ഉത്തരവ് ഉണ്ടോ; ഏതെങ്കിലും വകുപ്പിനെ ഇത്തരം രസീത് നല്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

ഉത്തരം

**ശ്രീ. ഉമ്മൻ ചാണ്ടി**
**മുഖ്യമന്ത്രി**

**എ.** ഉണ്ട്. പൊതുജനങ്ങളിൽ നിന്ന് സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ എന്നിവ കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കാലാകാലങ്ങളിൽ സർക്കാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ നേരിട്ട് നൽകുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് പ്രസ്തുത ഓഫീസുതന്നെ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ഫോറത്തിൽ ഓഫീസ് സീലോടുകൂടി കൈപ്പറ്റ് രസീത് നല്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 23-2-2008, 12-1-2009 എന്നീ തീയതികളിൽ യഥാക്രമം സർക്കുലർ നമ്പർ 1257/എ.ആർ13(2)/08/ഉ.ഭ.പ.വ., 168/ എ.ആർ13(2)/09/ഉ.ഭ.പ.വ പുറപ്പെടുവിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീത് നല്കുന്നതിൽ നിന്ന് ഒരു വകുപ്പിനേയും ഒഴിവാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| **ബി.** | കൈപ്പറ്റ് രസീത് നല്കുവാൻ എല്ലാ വകുപ്പുകൾക്കും ഏകീകൃത മാതൃകയിൽ രസീത് അച്ചടിച്ച് നല്കുവാൻ നടപടി സ്വീകരിക്കുമോ; | **ബി.** | രസീതിന്റെ മാതൃക ഉൾപ്പെട്ട മേൽപറഞ്ഞ സർക്കുലറുകൾ എല്ലാ വകുപ്പുകൾക്കും മേലധികാരികൾക്കും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. |
| **സി** | അപേക്ഷ, പരാതി എന്നിവ സ്വീകരിച്ചുകൊണ്ട് രസീത് നല്കുവാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ? | **സി** | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ